(ബി) പ്രസ്തുത വിഷയത്തിന്റെ ഭാഗമായുള്ള നമ്പർ 65227/L1/08/ G.Edn. ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ ;

(സി) ഫയലിൽ അനുകൂല തീരുമാനമെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അപേക്ഷ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ ദീർഘിപ്പിക്കുന്നതിന് നടപടി

45 (3791) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ ദീർഘിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ, 1997 ജൂലൈ 14-ന് റഗുലർ സർവ്വീസിലുള്ള അംഗീകൃത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ ആനുകൂല്യം ലഭിക്കുന്നത്. ഈ കാലപരിധി ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

പത്താംതരം വിജയിക്കാത്തവർക്ക് തൊഴിൽ പരിശീലനം നൽകാൻ പദ്ധതി

46 (3792) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേപരീക്ഷ എഴുതിയിട്ടും പത്താംതരം വിജയിക്കാത്തവർക്ക് തൊഴിൽ പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly